# 2025-
# 26

# സെന്റ് ആന്റണീസ് എൽ.പി.എസ് ആറ്റുപുറം

1890-ൽ സെന്റ് ആന്റണീസ് എൽ.പി. സ്കൂൾ സ്ഥാപിതമായി. തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിലെ വടക്കേക്കാട് പഞ്ചായത്തിൽ മൂന്നാം വാർഡിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. ഒന്നു മുതൽ നാല് വരെയും പ്രീ പ്രൈമറി ക്ലാസുകളുമാണ് നിലവിലുള്ളത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന ലക്ഷ്യത്തിലൂന്നിയുള്ള സ്കൂൾ പ്രവർത്തനങ്ങൾക്ക് അധ്യാപകർ, പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ, മാനേജ്മെന്റ്, ജനപ്രതിനിധികൾ, എന്നിവരുടെ പൂർണമായ സഹകരണവും ഇടപെടലുകളും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. ഓരോ കുട്ടിയുടെയും സമഗ്രവികാസത്തിന് യോജിക്കുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് പ്രാവർത്തികമാക്കുക എന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ മുഖ്യലക്ഷ്യം. വിദ്യാലയ പ്രവർത്തനങ്ങൾ ഏറ്റവും മികച്ച രീതിയിൽ തന്നെ മുന്നോട്ട് കൊണ്ടു പോകുന്നു.

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് :- സെന്റ് ആന്റണീസ് എൽ. പി. എസ് ആറ്റുപുറം

മേൽവിലാസം :- പിൻ - 679562
പോസ്റ്റ് - വടക്കേക്കാട്

ഫോൺ :- 9847361682

സ്കൂൾ കോഡ് :- 24217

വിദ്യാഭ്യാസ ജില്ല - ചാവക്കാട്

ഉപജില്ല - ചാവക്കാട്

റവന്യൂ ജില്ല - തൃശ്ശൂർ

ബി ആർ സി - ചാവക്കാട്

ഗ്രാമപഞ്ചായത്ത് - വടക്കേക്കാട്

ബ്ലോക്ക് പഞ്ചായത്ത് - ചാവക്കാട്

ജില്ലാ പഞ്ചായത്ത് - തൃശ്ശൂർ

നിയമസഭാ മണ്ഡലം - ഗുരുവായൂർ

ലോകസഭാ മണ്ഡലം - തൃശ്ശൂർ

താലൂക്ക് - ചാവക്കാട്

വില്ലേജ് - വടക്കേക്കാട്

ഇ-മെയിൽ വിലാസം - stantonyslpsattupuram@gmail.com

Youtube -

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക
- വായനയ്ക്ക് കൂടുതൽ പ്രാധാന്യം നല്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കും.
- പഠനോപകരണ നിർമ്മാണ ശില്പശാലകൾ സംഘടിപ്പിക്കും.
- ഒന്ന്, രണ്ട് ക്ലാസുകളിൽ ആശയാവതരണ രീതിയിൽ ഭാഷാശേഷി വികസനം, മൂന്നാം ക്ലാസിൽ ഗണിതം, നാലാം ക്ലാസുകളിൽ ഇംഗ്ലീഷ് എന്നിങ്ങനെ പ്രത്യേക ഊന്നൽ നല്കി പ്രവർത്തനപാക്കേജുകൾ തയ്യാറാക്കുക.
- ക്ലബുകളുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിൽ വരുത്തുകയും ചെയ്യുക
- ദിനാചരണങ്ങൾ മികവുറ്റ രീതിയിൽ നടപ്പിലാക്കുക
- കലാപഠനം, പ്രവൃത്തിപരിചയ പഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം നല്കുക.

MANJU ANTONY HM

SOPHY. V.K

SHAJI . N.K

LEENA . K.F

ROBIN JOSEPH

NITHA . K.R

SHYAMLAL . C.M

JISHY JACOB . C

FRANCIS RINO ROBIN

ANAGHA PHILIP. ANTONY

JESTIN C. JOSEPH

RIYA VERGHESE . C

FOUSIYA . C.S

SOUDHA . M.K

## അക്കാദമിക മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ

- ഭാഷാശേഷി വികസനം
- ലൈബ്രറി ശാക്തീകരണം
- IT പഠനം കാര്യക്ഷമമാക്കൽ
- ചിത്രരചന ക്യാമ്പ്
- ഗണിത ശേഷി വികസനം
- സ്കൂൾ SRG ശാക്തീകരണം
- ഹെൽത്ത് ക്ലബ് പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- സർഗാത്മകശേഷി വികസിപ്പിക്കൽ
- കലാ-കായിക ശേഷി വികസനം
- PTA, MPTA, CPTA കാര്യക്ഷമമാക്കൽ
- പഠനയാത്രകൾ
- വാരാന്ത്യ ക്വിസുകൾ [പൊതു വിജ്ഞാനം]
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- Hello English Programmes
- കുഞ്ഞു മലയാളം പദ്ധതി
- സ്കൂൾ അസംബ്ലി
- വായനാമൂലകൾ, ചങ്ങാത്ത വായന.
- പരീക്ഷണ, നിരീക്ഷണ സാഹചര്യമൊരുക്കൽ
- ബോധവല്ക്കരണ ക്ലാസുകൾ,
- ജന്മദിന പുസ്തകം.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

- എല്ലാ കുട്ടികളെയും അർത്ഥപൂർണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പു വരുത്തുക.
- കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക
- ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക
- ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക
- മികച്ച വായനാശീലം വളർത്തുക.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക
- സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക
- സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക
- ക്ലാസ്‌തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.

## പരിസരപഠനം

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക, ശാസ്ത്രബോധം, ശാസ്ത്രീയമനോഭാവം എന്നിവ വികസിപ്പിക്കുക
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക
- ശാസ്ത്രപ്രക്രിയ ശേഷികൾ വികസിപ്പിക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

- ജനാധിപത്യ വേദികൾ ഒരുക്കുക
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
- ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ

## ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക
- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക
- ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- അറിവ് നിർമാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവൃത്തി പരിചയം

- നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഇതര വിഷയങ്ങളുമായി/പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

- കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക
- കലാഭിരുചി വളർത്തുക
- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

- മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
- ദിവസവും വ്യായാമം ദിനചര്യയിൽ ഉൾപ്പെടുത്തുക.

## അറബിക്

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടു കൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
- കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക
- വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക
- ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

**മലയാളം**  മേഖല : വായന

## • പ്രവർത്തനം - 1  പുസ്തകം എന്റെ ചങ്ങാതി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക | പുസ്തക പ്രദർശനം ലഘു വിവരണം. | ആഴ്ചയിൽ ഒരു ദിവസം രണ്ട് പുസ്തകം | ക്ലാസ് ടീച്ചർ |

## • പ്രവർത്തനം - 2  എന്റെ പിറന്നാൾ പുസ്തകം

| | | | |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക. | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി പിറന്നാൾപുസ്തകം പുസ്തക സമാഹരണം | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ. |

## • പ്രവർത്തനം - 3  ഉച്ചഭാഷിണി വായന

| | | | |
|---|---|---|---|
| അർഥപൂർണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## • പ്രവർത്തനം - 4  സ്കൂൾ ലൈബ്രറി

| | | | |
|---|---|---|---|
| മികച്ച വായനശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു ലൈബ്രറി സജ്ജമാക്കൽ സ്കൂൾ ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബുകൾ |

- പ്രവർത്തനം - 5 അക്ഷരക്കൂട്ടം [വായനക്കോർണർ]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | ഒഴിവുസമയങ്ങളിൽ വായിക്കുവാൻ ഓരോ ക്ലാസ് മുറികളിലും പ്രത്യേകം വായനാകോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മറ്റി |

- പ്രവർത്തനം - 6 ക്ലാസ് തല കൈയെഴുത്ത് മാഗസിൻ

= ലേഖനം =

| | | | |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസിൽ കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ. | എല്ലാ മാസവും | ക്ലാസ് ടീച്ചർ |

- പ്രവർത്തനം - 7 ക്ലാസ് തല പതിപ്പുകൾ

| | | | |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | വിദ്യാലയ വിശേഷങ്ങൾ, ക്ലാസിലെ വിവരങ്ങൾ പങ്കുവെക്കുന്ന ക്ലാസിലെ [ക്ലാസ് തല] പതിപ്പുകൾ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ. |

- പ്രവർത്തനം - 8 എന്റെ വായനാക്കുറിപ്പുകൾ

| | | | |
|---|---|---|---|
| എല്ലാ കുട്ടികളെയും വായനയിൽ പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പുകൾ തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## • പ്രവർത്തനം-9 കയ്യെഴുത്തു മാസികകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ. | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ [ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ] | ഓരോ ടേമിലും [പ്രിന്റഡ് മാഗസിൻ] | വിദ്യാരംഗം ഭാഷാ ക്ലബ്. പാരമ്യം വഴി ഫണ്ട്. |

## • പ്രവർത്തനം-10 രചനോത്സവം

| | | | |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അധ്യാപകർ തയ്യാറാക്കിയ വ്യവഹാര രൂപങ്ങളുടെ മാതൃകകൾ ലഭ്യമാക്കി വ്യവഹാര രൂപങ്ങൾ മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ്ബ് |

## • പ്രവർത്തനം - 11 സർഗവേള

മേഖല - പ്രകടനവേദികൾ

| | | | |
|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണമായി എഴുതുന്നതിനും വായിക്കുന്നതിനും പ്രാപ്തരാക്കുക. | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ [ചെറിയ ക്ലാസിൽ വായനാകാർഡ്] | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

## • പ്രവർത്തനം - 12 ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ ആവിഷ്കരിക്കുക

മേഖല - ആശയഗ്രഹണം.

| | | | |
|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ. | ക്ലാസ് ടീച്ചർ |

# ഇംഗ്ലീഷ്

## പ്രവർത്തനം-1 ഇംഗ്ലീഷ് അസംബ്ലി

മേഖല പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം നല്കൽ. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയിലെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |

## പ്രവർത്തനം: 2 ഇംഗ്ലീഷ് ഡയറി [3,4 ക്ലാസുകളിൽ]

മേഖല:- ലേഖനം

| | | | |
|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ. |

## പ്രവർത്തനം: 3 ഇംഗ്ലീഷ് ബുള്ളറ്റിൻ [3,4 ക്ലാസ്]

| | | | |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക. | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ബുള്ളറ്റിൻ ഒരുക്കുന്നു.<br>ജൂൺ – പരിസ്ഥിതി<br>ജൂലൈ – ചന്ദ്രൻ | ഓരോ മാസവും | ക്ലാസ് ടീച്ചർ. |

## പ്രവർത്തനം - 4 Reading Card Workshop

മേഖല വായനാസാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളെ ഉപയോഗിച്ച് English Reading Card - നിർമിക്കൽ | ജൂൺ | ഇംഗ്ലീഷ് ക്ലബ്ബ് |

## പ്രവർത്തനം :- 5 Worksheet workshop [Teachers]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്ന നിലവാരക്കാരായ കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂലൈ | SRG |

# അറബിക്

## പ്രവർത്തനം-1 ലോകഭാഷ - അറബിഭാഷ

മേഖല - അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക. | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക<br>• മുന്നറിവ് പരിശോധന<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമിക്കൽ<br>• ഭാഷാ കളികൾ | 2 മാസം | അറബി ടീച്ചർ. |

## പ്രവർത്തനം - 2 അറബി വായനോത്സവം [വായന]

| | | | |
|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പ് വരുത്തുക. | • വായനാ മത്സരം<br>• ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായനാ കുറിപ്പുകൾ<br>• അറബിക് പത്ര വായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ. |

## പ്രവർത്തനം-3 അറബി രചനോത്സവം [ലേഖനം]

| | | | |
|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി | • പതിപ്പ്<br>• വായനാ കുറിപ്പ്<br>• ചുമർപത്രം<br>• പോസ്റ്ററുകൾ<br>• ഭാഷാ കേളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ. |

# ഗണിതം.

പ്രവർത്തനം: 1

പേര് :- ഗണിത വർക്ക് ഷീറ്റ് ശില്പശാല

മേഖല - വർക്ക്ഷീറ്റ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക. | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ. | ഓരോ ടേമിന്റെയും തുടക്കത്തിൽ | SSG |

പ്രവർത്തനം:2 ഗണിതലാബ് (ഗണിതമധുരം)

മേഖല - ഗണിത കേളികൾ

| | | | |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെടുകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2024-25 | ഗണിത ക്ലബ്ബ് |

പ്രവർത്തനം:3 ഗണിതമൂല മേഖല - ഗണിതകേളികൾ

| | | | |
|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജിക്കുന്നതിന് | മുഴുവൻ ക്ലാസിലും ഗണിത മൂലകൾ ക്രമീകരിക്കൽ [മഞ്ചാടി സഞ്ചി] | ജൂൺ | ക്ലാസ് ടീച്ചർ |

# പരിസരപഠനം

പേര് :- ശാസ്ത്ര പഠനോപകരണ ശില്പശാല

മേഖല :- ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഗണിതപ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശില്പശാലകൾ, സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ |

പേര് : എന്റെ പരീക്ഷണം. [കുറിപ്പ് തയ്യാറാക്കൽ]

മേഖല : ശാസ്ത്ര അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠന താല്പര്യം വളർത്തുക. ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണ കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ. |

പേര് : പരീക്ഷണ കിറ്റ്

മേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | പരീക്ഷണക്കിറ്റിന് വേണ്ട വസ്തുക്കൾ ശേഖരിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ |

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം - വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല - അധ്യാപക ശാക്തീകരണം
ലക്ഷ്യം – വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
പ്രവർത്തനങ്ങൾ- പാഠഭാഗവുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ; പരിചയപ്പെടുത്തൽ
കാലം – ഓരോ മാസത്തിലും
ചുമതല - SITC

പ്രവർത്തനം - IT ലാബ്
ഉപമേഖല - കമ്പ്യൂട്ടർ വിജ്ഞാനം
ലക്ഷ്യം – കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം.
പ്രവർത്തനങ്ങൾ - IT, ICT പ്രവർത്തനങ്ങൾ/ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ
കാലം - ജൂൺ — ആഗസ്റ്റ്
ചുമതല - SITC

# ആരോഗ്യ കായിക വിദ്യാഭ്യാസം

പേര് – കായികാരോഗ്യം
മേഖല – എക്സർസൈസ്.
ലക്ഷ്യം – മനസിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ലക്ഷ്യപ്രാപ്തിയിലേക്ക് നയിക്കുന്നതിന്
പ്രവർത്തനങ്ങൾ – ഓട്ടം, ചാട്ടം പരിശീലനം വിവിധ ഗെയിമുകൾ
കാലം – ജൂൺ – മാർച്ച്
ചുമതല – HM, SRG, PTA

പ്രവർത്തനം – ഹെൽത്ത് ചെക്ക് അപ്പ്
മേഖല – ആരോഗ്യം
ലക്ഷ്യം – എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക
പ്രവർത്തനങ്ങൾ – ആദ്യ ടേമിൽ തന്നെ ഹെൽത്ത് ചെക്ക് അപ്പ്
കാലം – ജൂൺ – സെപ്തംബർ
ചുമതല – PTA

പ്രവർത്തനം – കായിക വിദ്യാഭ്യാസം
മേഖല – അധ്യാപക ശാക്തീകരണം
ലക്ഷ്യം – ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം
പ്രവർത്തനം – PT പിരീഡിൽ ഗെയിംസ്, എക്സൈസ് ക്ലാസ് ടീച്ചർക്ക് പരിശീലനം നല്കൽ
കാലം – ജൂൺ – മാർച്ച്
ചുമതല – SRG

# പ്രവൃത്തി പരിചയം

പ്രവർത്തനം:

പേര്: പ്രവൃത്തി പരിചയ ശിൽപശാല

മേഖല: നിർമാണ കഴിവുകൾ വികസിപ്പിക്കുക.

ലക്ഷ്യം - നിർമാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

പ്രവർത്തനങ്ങൾ - പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം, നിർമാണം, ചന്ദനത്തിരി, പാവ, ചോക്ക് മുതലായവ

കാലം - സെപ്റ്റംബർ

ചുമതല - ക്ലാസ് ടീച്ചർ

പേര് - പേപ്പർ ബാഗ് നിർമാണം

മേഖല - പ്ലാസ്റ്റിക് രഹിത വിദ്യാലയം

ലക്ഷ്യം - നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക

പ്രവർത്തനങ്ങൾ - പേപ്പർ ബാഗ് നിർമാണ പരിശീലനം, വിദ്യാലയത്തിൽ ആരംഭിക്കുക.

കാലം - ജൂൺ - മാർച്ച്

ചുമതല - SSG

പേര് - ഒറിഗാമി

മേഖല - കരകൗശല പരിശീലനം

ലക്ഷ്യം - ഇതര വിഷയവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ - ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നല്കൽ, പാഠഭാഗത്തെ പരിശീലനം. നിർമാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം.

കാലം - ജൂലൈ

ചുമതല - റിസോഴ്സ് പേഴ്സൺ

## സാമൂഹികാവബോധം

പ്രവർത്തനം: അതിഥിയെ അറിയൽ

ലക്ഷ്യം - ചർച്ചകൾ, സംവാദങ്ങൾ, അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന്

പ്രവർത്തനങ്ങൾ - പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ

കാലം - ഓരോ മാസത്തിലും

ചുമതല - ക്ലാസ് ടീച്ചർ.

പ്രവർത്തനം - പ്രാദേശിക നാട്ടറിവ്. മേഖല നാട്ടറിവ്

ലക്ഷ്യം - നമ്മുടെ നാടിന്റെ ചരിത്രം മനസ്സിലാക്കുന്നതിന്

പ്രവർത്തനങ്ങൾ - നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക

കാലം - നവംബർ

ചുമതല - SSG

പ്രവർത്തനം - ഫീൽഡ് ട്രിപ്പ്

മേഖല - പൊതുസ്ഥാപനങ്ങൾ

ലക്ഷ്യം - സമൂഹത്തിന്റെ മുന്നോട്ടുപോക്കിന് സഹായകമാകുന്ന സാമൂഹ്യസ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന്

പ്രവർത്തനങ്ങൾ - പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ് എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ

കാലം - ഓരോ മാസത്തിലും

ചുമതല - ക്ലാസ് ടീച്ചർ.

# സർഗവേദി

പേര് : സർഗവേദി

മേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| കലാഭിരുചി വളർത്തുക [കുട്ടികളുടെ സർഗാത്മക കഴിവുകൾ] | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ നേതൃത്വം- വിദ്യാർത്ഥികൾ | എല്ലാ ആഴ്ച- യിലും | SRG |

പേര് : ടാലെന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന പരിപാടികൾ ഒരുക്കുക. | നൃത്തം, ആലാപനം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസ- ത്തിലും | SRG PTA |

പേര് : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഓരോ കുട്ടി- യുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ മികവുകൾ സ്കൂൾ യുട്യൂബ് ചാനൽ വഴി സമൂഹവുമായി പങ്കുവയ്ക്കൽ | ജൂൺ - മാർച്ച് | SRG |

## ഉപസംഹാരം

ഓരോ കുട്ടിയുടെയും സമഗ്ര വികസനം എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. കഴിഞ്ഞ വർഷങ്ങളിൽ പാഠ്യ- പാഠ്യേതര വിഷയങ്ങളിൽ മികവുകൾ നേടാനും പിന്നോക്കക്കാർക്കുള്ള പിന്തുണ പ്രവർത്തനങ്ങൾ നല്കി മെച്ചപ്പെടുത്താനും സാധിച്ചു. ശാസ്ത്ര കലാ സാഹിത്യ പ്രവർത്തനങ്ങളിൽ കുട്ടികളുടെ കഴിവ് കണ്ടെത്തി പരിപോഷിപ്പിക്കാൻ സാധിച്ചു. എല്ലാ പ്രവർത്തനങ്ങളും വിജയകരമാക്കാൻ ഓരോ അധ്യാപകരുടെയും രക്ഷിതാക്കളുടെയും ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും പരിശ്രമങ്ങളും സഹായ സഹകരണങ്ങളും നമുക്ക് ഉണ്ടാകും.